കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ഔദ്യോഗിക ആവശ്യങ്ങൾക്കായി വന്ദേഭാരത് എക്സ്പ്രസ് ട്രെയിനിൽ യാത്ര ചെയ്യുന്ന സാഹചര്യത്തിൽ അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർ, ഗ്രേഡ്-1 ഉദ്യോഗസ്ഥർ എന്നിവർക്ക് യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ. (അച്ചടി) നം.2/2024/ധന തീയതി,തിരുവനന്തപുരം, 05-01-2024

പരാമർശം:- സ.ഉ. (പി) നം. 27/2021/ധന തീയതി 10.02.2021

ഉത്തരവ്

കെ. എസ്. ആർ ഭാഗം -2 യാത്രാബത്ത ചട്ടങ്ങൾ അനുസരിച്ച് സംസ്ഥാന സർക്കാരിനു കീഴിലുള്ള ഉദ്യോഗസ്ഥർ ഔദ്യോഗിക ആവശ്യങ്ങൾക്കായി വന്ദേഭാരത് എക്സ്പ്രസ് ട്രെയിനിൽ നടത്തുന്ന യാത്രയുടെ തുക അനുവദനീയമല്ല. ഔദ്യോഗിക ആവശ്യങ്ങൾക്ക് വന്ദേഭാരത് എക്സ്പ്രസ് ട്രെയിനിൽ യാത്ര ചെയ്യേണ്ടി വരുന്ന ഉദ്യോഗസ്ഥർക്ക് യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് ശുപാർശകൾ ലഭിച്ചു വരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാർ സർവ്വീസിലെ ഗ്രേഡ് -1 ഉദ്യോഗസ്ഥരും അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരും ഔദ്യോഗിക യാത്രയുടെ ഭാഗമായി വന്ദേഭാരത് ട്രെയിനിൽ നടത്തുന്ന യാത്രകൾക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം യാത്രാബത്ത അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- 77200-140500 ശമ്പളസ്കെയിലിലും അതിന് മുകളിലെ സ്കെയിലിലുള്ള ഉദ്യോഗസ്ഥർക്കും, അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർക്കും വന്ദേഭാരത് ട്രെയിനിന്റെ Executive Chair Car ലും, 77200-140500 ശമ്പള സ്കെയിലിൽ താഴെയുള്ള ഗ്രേഡ് -1 ഉദ്യോഗസ്ഥർക്ക് Chair Car - ലും യാത്ര നടത്താവുന്നതാണ്.
- വന്ദേഭാരത് ട്രെയിനിലെ യാത്രയുടെ ഭാഗമായി വരുന്ന Convenience fee, Agent Service Charge, Assured flex charge എന്നിവ അനുവദനീയമാണ്.
- വന്ദേഭാരത് ട്രെയിനിലെ യാത്രയുടെ ഭാഗമായി വരുന്ന Catering Charges, Travel Insurance Premium എന്നിവ അനുവദനീയമല്ല.

3. സംസ്ഥാന സർക്കാർ സർവ്വീസിലെ ഗ്രേഡ്-1 ഉദ്യോഗസ്ഥരും അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരും ഔദ്യോഗിക യാത്രയുടെ ഭാഗമായി വന്ദേഭാരത് ട്രെയിനിൽ നടത്തുന്ന യാത്രകൾക്ക് യാത്രാബത്ത ക്ലെയിം ചെയ്യുമ്പോൾ യാത്രാ ടിക്കറ്റുകളുടെ അസ്സൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കേശവേന്ദ്ര കുമാർ ഐ എ എസ്

സെക്രട്ടറി

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം
3. എല്ലാ വകുപ്പുമേധാവികൾക്കും ഓഫീസുകൾക്കും
4. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
5. ഡയറക്ടർ, ട്രഷറി തിരുവനന്തപുരം
6. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്
9. സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ /സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും
10. നിയമസഭാ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
11. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
12. മുഖ്യമന്ത്രിയുടേയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
13. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
14. സെക്രട്ടറി, കെ.എസ്.ഇ.ബി
15. ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി
16. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല
17. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
18. നോഡൽ ഓഫീസർ www.finance.kerala.gov.in
19. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-2620809)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ